(ഇ) ഇല്ല.

(എഫ്) ഉത്തരം 'ഇ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

മരങ്ങൾ കടത്തുന്നത് തടയാൻ നടപടി

250 (1994) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ മുറിച്ച് കടത്തുന്നത് തടയാൻ എന്തൊക്കെ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരങ്ങളുടെ വിവരശേഖരണം നടത്തി എണ്ണം തിട്ടപ്പെടുത്തി നമ്പറിട്ട് സൂക്ഷിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിലപിടിപ്പുള്ള ചന്ദനം, വീട്ടി തുടങ്ങിയവയുടെ വിവരശേഖരണവും ആധുനിക ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്തിയുള്ള സംരക്ഷണ നടപടികളും ഊർജ്ജിതമാക്കുമോ?

ഉത്തരം

(എ) വനംവകുപ്പ് ജീവനക്കാരെയും, റിസർവ് ഫോറസ്റ്റ് വാച്ചർമാരെയും, ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക വാച്ചർമാരെയും ഡ്യൂട്ടിക്ക് നിയോഗിച്ചും, രാത്രികാല പട്രോളിംഗ് നടത്തിയും, മരം മുറിച്ച് കടത്തുന്നത് തടഞ്ഞുവരുന്നു. കൂടാതെ മറയൂർ ചന്ദന റിസർവ്വിന് ചുറ്റും ഫെൻസിംഗ്, സോളാർ ഫെൻസിംഗ്, എന്നിവ സ്ഥാപിച്ചും ജീവനക്കാർക്ക് തോക്ക്, റൈഫിൾ എന്നീ ആയുധങ്ങൾ നൽകിയും, വയർലെസ്സ് സംവിധാനം ഏർപ്പെടുത്തിയും, ക്യാമറകൾ സ്ഥാപിച്ചും മരം മുറിച്ച് കടത്തുന്നത് തടയുന്നു.

(ബി) മറയൂർ ഡിവിഷനിൽ ചന്ദനമരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ചന്ദനമരങ്ങൾക്ക് നമ്പർ നൽകി സൂക്ഷിച്ചുവരുന്നു.

(സി) നിലവിൽ 30 സെന്റീമീറ്ററിൽ കൂടുതൽ നെഞ്ചളവുള്ള ചന്ദനമരങ്ങളുടെ നമ്പരിട്ട് വിവരശേഖരണം നടത്തിവരുന്നു. ഇലക്ട്രോണിക് സംവിധാനങ്ങളിൽ ക്യാമറകൾ, വാക്കിടോക്കികൾ എന്നിവ വനസംരക്ഷണത്തിനായി നിലവിൽ ഉപയോഗിച്ചുവരുന്നു. 'ഇലക്ട്രോണിക് ഐ' പോലെയുള്ള ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly